## എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ജൂൺ 25 ഞായർ



# വീണത് 'വിദ്യ'

കഴിഞ്ഞ ബുധനാഴ്ച രാത്രി അഗളി പോലീസിന്റെ വലയിൽ വിദ്യ വീണു. കാസറഗോഡ് തൃക്കരിപ്പൂർ സ്വദേശിനിയായ കെ. വിദ്യ, എസ്. എഫ്. ഐ. മുൻ നേതാവാണ്. ഇപ്പോൾ കാലടി സർവ്വകലാശാല പി. എച്ച്. ഡി. വിദ്യാർത്ഥിനിയാണ്. വ്യാജപ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് സൃഷ്ടിച്ചു എന്ന കുറ്റം ആരോപിക്കപ്പെട്ട അവർ കുറെ ദിവസങ്ങൾ ഒളിവിൽ ആയിരുന്നു. കോഴിക്കോട് മേപ്പയൂരിലെ സുഹൃത്തിന്റെ വീട്ടിൽ നിന്നാണ് പോലീസ് അവരെ അറസ്റ്റ് ചെയ്തത്.

പാലക്കാട് അട്ടപ്പാടി രാജീവ്ഗാന്ധി മെമ്മോറിയൽ ആർട്സ് കോളേജിലെ മലയാളം വിഭാഗത്തിൽ ഗസ്റ്റ് ലെക്ചറർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന്, എറണാകുളം മഹാരാജാസ് കോളേജിന്റെ പേരിലുള്ള പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് വ്യാജമായി ഹാജരാക്കി എന്നതാണ് കേസ്. ഇത് ഒരു കേസ് മാത്രം. പിടിക്കപ്പെടാത്ത വ്യാജന്മാർ യഥേഷ്ടം വിഹരിക്കുന്ന കാലമാണിത്. ആത്മീയ ലോകത്തിലും വ്യാജ ഗുരുക്കളും ഡോക്ടർമാരും ശുശ്രൂഷകരും ആൾദൈവങ്ങളും ഇന്ന് ധാരാളം. പണവും രാഷ്ട്രീയ സ്വാധീനവും ഏത് ഹീനമായ വ്യാജപ്രവർത്തികൾക്കും മനുഷ്യനെ സഹായിക്കുന്നു.

'വീണത് വിദ്യയാക്കി' എന്ന പഴഞ്ചൊല്ല് പോലെ പലരും പിടിക്കപ്പെടുമ്പോൾ വ്യാജമായി രക്ഷപെടുന്നു. മുകളിൽ പറഞ്ഞ ഘടകങ്ങൾ അവിടെയും സഹായത്തിനെത്തുന്നു. കൂടാതെ വ്യാജഡോക്ടറേറ്റ് ഒരിടയ്ക്ക് നമുക്കിടയിൽ സജീവമായിരുന്നു. ദുരഭിമാനത്തിനൊരു തലക്കെട്ട്! ആരൊക്കെയോ, എന്തൊക്കെയോ ആണെന്ന് വരുത്തിത്തീർക്കുവാനുള്ള ശ്രമങ്ങൾ. എന്നാൽ ആദിമ സഭയിൽ വ്യാജം കാണിച്ച കുടുംബത്തെ പരിശുദ്ധാത്മാവ്, അപ്പോസ്തോലരിലൂടെ എങ്ങനെയാണ് കൈകാര്യം ചെയ്തതെന്ന് ബൈബിൾ സാക്ഷിക്കുന്നു (അപ്പൊ. പ്രവൃത്തി 5). അത് ഇടയ്ക്കിടെ ഓർക്കുന്നത് ശുഭകരമായ ജീവിതത്തിന് നല്ലതാണ്.

'തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല; അവയെ ഏറ്റ് പറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും' (സദൃശവാക്യങ്ങൾ 28:13). ജീവിതത്തിൽ അറിഞ്ഞോ അറിയാതെയോ തെറ്റ് സംഭവിക്കുന്ന മനുഷ്യനുള്ള ദൈവിക പ്രമാണമാണിത്. ശുഭകരമായ ജീവിതവും ജീവിതാന്ത്യവും ആഗ്രഹിക്കുന്നവർ തെറ്റുകളെ മറയ്ക്കരുത്. അവയെ ഏറ്റുപറയണം, ഉപേക്ഷിക്കണം. അങ്ങനെ ചെയ്യുന്നവർക്ക് മാത്രം ദൈവത്തിന്റെ കരുണ ലഭിക്കും.

നാം അറിഞ്ഞ, അറിയുന്ന പല ദുരന്തങ്ങൾക്കും, തീരാരോഗങ്ങൾക്കും(എല്ലാം അല്ല) പിന്നിൽ ഏറ്റുപറയാത്ത പാപങ്ങൾ ഉണ്ടാകും, മറയ്ക്കപ്പെട്ട തെറ്റുകൾ ഉണ്ടാകും. ഏറ്റുപറയാത്ത പാപങ്ങൾ ഓരോ വ്യക്തിയിലും പടരുന്ന അർബുദം പോലെ പ്രവർത്തിക്കും. ഇനി ഒരുവേള ലോകത്തിൽ രക്ഷപ്പെട്ടാലും, ഏറ്റു പറഞ്ഞു ഉപേക്ഷിക്കാത്ത പാപങ്ങൾക്ക് മരണാനന്തരം ദൈവിക ന്യായവിധി സുനിശ്ചിതം. അതിന്റെ അവസാനം നിത്യനാശം ആയിരിക്കും. അതുകൊണ്ട് വ്യാജങ്ങൾ ഒഴിവാക്കാം, നേരോടെ, നിർഭയം, നിരന്തരം ജീവിക്കാൻ പരിശ്രമിക്കാം. ശുഭതയ്ക്കായി ദൈവകരുണയിൽ ആശ്രയിക്കാം.

**ടൈറ്റസ് ജോൺസൻ**

# ബിഷപ്പിനും സന്യാസിനിക്കും ജാമ്യം

ജബൽപുർ: മതപരിവർത്തനം ആരോപിച്ച് അറസ്റ്റിലായ ജബൽപുർ ബിഷപ്പ് ജറാൾഡ് അൽമേഡയ്ക്കും സിസ്റ്റർ ലിജി ജോസഫിനും മധ്യപ്രദേശ് ഹൈക്കോടതി ജാമ്യം അനുവദിച്ചു. കാന്തി ജില്ലയിൽ പ്രവർത്തിക്കുന്ന ആശാകിരൺ എന്ന അനാഥാലയത്തിലെ കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിലേക്ക് ചേർക്കാൻ ശ്രമിച്ചുവെന്നായിരുന്നു ആരോപണം.

ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ അധ്യക്ഷൻ പ്രിയങ്ക് കനൂംഗോയുടെ പരാതിയെത്തുടർന്ന് മേയ് 30 ന് കത്നി ജില്ലയിലെ മാധവ് നഗർ സ്റ്റേഷനിലെ പോലീസാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തത്.
ജബൽപുർ രൂപതയുടെ കീഴിലുള്ള കട്നി റെയിൽവേ ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന അനാഥാലയമായ ആശാ കിരൺ ചിൽഡ്രൻസ് കെയർ ഇൻസ്റ്റിറ്റ്യൂട്ടിൽ 47 കുട്ടികളാണുള്ളത്. കനൂംഗോയുടെ സമ്മർദ്ധത്തിന് വഴങ്ങി ലോക്കൽ പോലീസ് മധ്യപ്രദേശ് മതപരിവർത്തന വിരുദ്ധ നിയമപ്രകാരം കേസെടുത്തത് ഏറെ ചർച്ചയായി.

മതപരിവർത്തന ശ്രമത്തിനു വിധേയരായവരോ ബന്ധുക്കളോ പരാതി നൽകിയില്ലെന്നു കണ്ടെത്തിയാണ് ജസ്റ്റീസ് വിശാൽ ദാഗത് ജാമ്യത്തിനു തയാറായത്. കുറ്റാരോപണം തെളിയിക്കാൻ പോലീസിന് കഴിയാതെ വന്നതോടെ ഹൈക്കോടതി ജാമ്യം അനുവദിക്കുകയായിരിന്നു.

Editorial board

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.
Pr. Blesson Cherian, Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

## പ്രത്യേക സമ്മേളനം

ഷാർജ: ഗിൽഗാൽ എ ജി ചർച്ചിന്റെ ആഭിമുഖ്യത്തിൽ ജൂൺ 28 ന് രാവിലെ ഒമ്പത് മുതൽ ഷാർജ യൂണിയൻ ചർച്ച് ഹാൾ നമ്പർ 2 വിൽ പ്രത്യേക സമ്മേളനം നടക്കും. പാസ്റ്റർ ഷിബിൻ സാമുവേൽ മുഖ്യപ്രഭാഷണം നടത്തും. ഇവ. കെ പി രാജൻ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കും.
കൂടുതൽ വിവരങ്ങൾക്ക് : +971 505856189(Pr.Reji Mathew)

# അരുതേ തകർക്കരുതേ നമ്മുടെ തലമുറയെ

## ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനം

കൊല്ലം: കേരളം ലഹരിയുടെ ഹബ് ആയി മാറുന്നു. തലമുറകളെ അറിഞ്ഞുകൊണ്ടോ അറിയാതെയോ അകപ്പെടുത്തി കളയുന്ന ഏറ്റവും വലിയ വിപത്താണ് ലഹരി. ലഹരിക്കടിമപ്പെട്ടവരെ മോചിപ്പിക്കാൻ വളരെ പ്രായസം ആണ്.
തലച്ചോറിനെ നിയന്ത്രണവിധേയമല്ലാതെയാക്കി താൽക്കാലിക സുഖം മാത്രം പകർന്ന് നൽകി ഫലപ്രദമായ മരുന്നുകളില്ലാത്ത രോഗങ്ങൾക്കും പിന്നീട് മരണത്തിനും ഒറ്റിക്കൊടുക്കുകയാണ് ലഹരി മരുന്നുകൾ. ലോകത്ത് 270 മില്ല്യൺ ജനങ്ങൾ ലഹരിക്ക് അടിമയാണ്. ഇതിൽ 35.6 മില്യൺ ജനങ്ങൾ കഞ്ചാവിന് അടിമയായവരാണ്. ഓരോ വർഷവും ശരാശരി 4 ശതമാനം വളർച്ചയാണ് ലഹരി ഉപയോഗത്തിലുണ്ടാവുന്നത്. പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം മൂലം മാത്രം 80 ലക്ഷം പേർ ഒരു വർഷം ലോകത്ത് മരിക്കുന്നുണ്ടെന്ന് ലോകാരോഗ്യ സംഘടന സാക്ഷ്യപ്പെടുത്തുന്നു. ഇതിൽ 12 ലക്ഷത്തോളം ഹതഭാഗ്യരെ സംഭാവന ചെയ്തിരിക്കുന്നത് ഇന്ത്യയാണ്.
അന്താരാഷ്ട്ര ലഹരി മാഫിയ വിപണിക്കായി ലക്ഷ്യമിട്ടിരിക്കുന്നത് ഇന്ത്യ ഉൾപ്പെടെയുള്ള മൂന്നാം ലോക രാഷ്ട്രങ്ങളെയാണ്. നമ്മുടെ വിഭവ ശേഷികളിൽ അതിപ്രധാനമായ പുതു തലമുറകളിലാണ് മാഫിയകൾ സ്വപ്നം നെയ്യുന്നത്. മദ്യേതര ലഹരിയുടെ കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയാൽ സ്ഥിതി അത്യന്തം ഗൗരവമാണെന്ന് ബോധ്യപ്പെടും.
പരമ്പരാഗത ചരക്കുകൾ മയക്കാനുള്ളതാണെങ്കിൽ എം.ഡി.എം.എ ഉണർത്താനുള്ളതാണ് എന്നാണ് പറയുന്നത്. ഹൃദ്രോഗം, ഓർമക്കുറവ്, വിഷാദരോഗം, പരിഭ്രാന്തി, മനോനില തകരാറിലാകൽ, കാഴ്ചക്കുറവ് എന്നിവക്കിടയാക്കുന്ന ഈ മയക്കുമരുന്ന് ഉറക്കമില്ലായ്മക്ക് 'ഉത്തമം'എന്ന് പറയുന്നത് ദീർഘദൂര ഓട്ടക്കാരായ ഡ്രൈവർമാരാണ്. നാഷനൽ പെർമിറ്റ് ലോറിക്കാരിൽനിന്നു എം.ഡി.എം.എ പിടികൂടിയപ്പോൾ അവർ പറഞ്ഞ ന്യായം വാഹനാപകടമില്ലാതെ രാത്രിയിൽ എത്ര സമയം വേണമെങ്കിലും വണ്ടിയോടിക്കാമെന്നാണെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറയുന്നു. എന്നാൽ, മറ്റ് മരുന്നു കളേക്കാൾ മനുഷ്യനെ ജീവിപ്പിച്ചു കൊല്ലുകയാണിത് എന്നതാണ് വാസ്തവം എന്ന് എക്സൈസ് മുന്നറിയിപ്പ് നൽകുന്നു. എം ഡി എം എ യുടെ ഉപയോഗം അസാധാരണമായ വൈകൃതങ്ങളിലേക്ക് കൊലപാതകങ്ങളിലേക്കും നയിക്കപ്പെടുന്നു.
മദ്യവും മയക്കുമരുന്നും പുകയില ഉല്പന്നങ്ങളും മാരകവസ്തുക്കളാണെന്ന് മനസിലാക്കി.
വിലയേറിയ ജീവിതത്തിൽ ലഹരി പദാർത്ഥങ്ങൾക്കെതിരെ നമ്മുക്ക് ഒരുമിച്ച് പൊരുതാം എന്ന് നാം ഓരോരുത്തരും തീരുമാനിക്കാം. ജൂൺ 26 NICOG കൊല്ലം സെന്റർ വൈപിസിഎയുടെ നേതൃത്വത്തിൽ സ്കൂളുകൾ കേന്ദ്രികരിച്ചും പൊതുസ്ഥലങ്ങളിലും വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയാണ് . വൈ പി സി എ, സണ്ടേസ്ക്കൂൾ ടീം നോടൊപ്പം എക്സൈസ് വിമുക്തിയും , സമൂഹത്തിലെ വിശിഷ്ട അതിഥികളും പങ്കെടുക്കുന്നു.
go & spel YPCA Team. KOLLAM Cetnre

## തിയോളജിക്കൽ ഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സ് (IATA)

കുമ്പനാട്: ലൈഫ് ലൈറ്റ് മിഷന്റെയും ഫെയ്ത്ത് ബൈബിൾ സ്കൂളിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഹിന്ദിയിൽ ഓൺലൈൻ തിയോളജിക്കൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നു.
ജൂൺ 26 തിങ്കളാഴ്ച രാത്രി ഒമ്പതിന് സൂം ഫ്ളാറ്റ്ഫോമിൽ നടക്കുന്ന സമ്മേളനത്തിൽ ദുബൈ ഐ പി സി എബനേസർ ചർച്ചിന്റെ പാസ്റ്റർ കെ വൈ തോമസ് കോഴ്സ് പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ഷിബു കല്ലട (എക്സൽ മിനിസ്ട്രീസ്) അധ്യക്ഷത വഹിക്കും. കുമ്പനാട് ഐ പി സി ഹെബ്രോൻ ചർച്ച് പാസ്റ്റർ ഡി സാം കുട്ടി മുഖ്യപ്രഭാഷണം നടത്തും.
ലൈഫ് ലൈറ്റ് മിഷൻ ഡയറക്ടർ പാസ്റ്റർ ഷാജി എം എം കോഴ്സിന് നേതൃത്വം നൽകും. രണ്ട് സെമസ്റ്ററുകളായി പത്തു മാസമായിരിക്കും ഐ എ ടി എ (IATA ) അംഗീകാരമുള്ള കോഴ്സിന്റെ ദൈർഘ്യം. കൂടുതൽ വിവരങ്ങൾക്ക് : +91 85478 05753

# ഷാർജയിലും ക്രിസ്ത്യൻ ലൈവ് പ്രവർത്തനങ്ങൾക്ക് തുടക്കമായി

ഷാർജ: ക്രൈസ്തവ ലോകത്തെ പ്രമുഖ മാധ്യമ സംഘടനയായ ക്രിസ്ത്യൻ ലൈവിന്റെ യു എ ഇ കേന്ദ്രമാക്കിയുള്ള പ്രവർത്തനങ്ങളുടെ അഞ്ചാമത് മേഖല കമ്മിറ്റി ഷാർജയിൽ ആരംഭിച്ചു. പാസ്റ്റർ രാജീവ് സേവ്യർ പ്രസിഡണ്ടായും ബ്രദർ അലക്സ് സാമുവേൽ സെക്രട്ടറിയായും ബ്രദർ ജോബി ഏബ്രഹാം ട്രഷററായും ചുമതലയേറ്റു.

പാസ്റ്റർ ജോർജ് വർഗീസ്  വൈസ് പ്രസിഡണ്ടായും ബ്രദർ സെബാസ്റ്റ്യൻ ആന്റണി ജോ. സെക്രട്ടറിയായും ബ്രദർ ബിജോ മാത്യു ബാബു ജോ. ട്രഷററായും ബ്രദർ ബിനു കെ പി, ബ്രദർ ജെയ്സൺ ജോസ് , ബ്രദർ ബിബി രാജൻ, ബ്രദർ റ്റോം തോമസ് എന്നിവർ മീഡിയ കോർഡിനേറ്റർമാരായും ബ്രദർ എബിൻ ഹബീബ്, ബ്രദർ ജോസഫ് വഞ്ചിപ്പുഴ, ബ്രദർ ജോസ് മാത്യു, സിസ്റ്റർ ഷൈജു ബിനു തരകൻ എന്നിവർ പ്രയർ കോർഡിനേറ്റർമാരായും ബ്രദർ റ്റോണി യോഹന്നാൻ, ബ്രദർ ജിൻസു ജെയ്മോൻ എന്നിവർ ചാരിറ്റി കോർഡിനേറ്റർമാരായും പുതിയ കമ്മിറ്റിയിൽ  പ്രവർത്തിക്കും.

ഷാർജാ വർഷിപ്പ് സെന്ററിൽ നടന്ന സമ്മേളനത്തിൽ ക്രിസ്ത്യൻ ലൈവ് മിഡിൽ ഈസ്റ്റ് കോർഡിനേറ്റർ ബ്രദർ സന്തോഷ് അറയ്ക്കൽ ഈപ്പൻ അധ്യക്ഷത വഹിച്ചു. ബ്രദർ ബ്ലസിൻ ജോൺ മലയിൽ, ബ്രദർ അജി ജോർജ്, പാസ്റ്റർ ഷിബു മുണ്ടപ്ളാക്കൽ,പാസ്റ്റർ രാജിവ് സേവ്യർ തുടങ്ങിയവർ പ്രസംഗിച്ചു.

പ്രമുഖ ക്രൈസ്തവ മാധ്യമ വിഭാഗമായ ക്രിസ്ത്യൻ ലൈവിന്റെ യുഎഇ ചാപ്റ്ററിന്റെ ഭാഗമായി മുമ്പ് റാസൽഖൈമ, ഉം അൽ ക്വയിൻ, ഫുജൈറ, അജ്മാൻ എന്നിവിടങ്ങളിൽ മേഖലാ കമ്മിറ്റികൾ ആരംഭിച്ചിരുന്നു. മറ്റ് എമിറേറ്റ്സുകളിലും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടക്കുകയാണ്



Pr RAJEEV XAVIER, PRESIDENT | Pr GEORGE VARGHESE, VICE PRESIDENT | Br ALEX SAMUEL, SECRETARY | Br SEBASTIAN ANTONY, Jt SECRETARY | Br JOBY ABRAHAM, TREASURER | Br BIJO MATHEW BABU, Jt TREASURER



Br BINU K.P , MEDIA | Br JAISON JOSE , MEDIA | Br BIBI RAJAN, MEDIA | Tom Thomas MEDIA | Br JINSU JAIMON CHARITY | Br TONY YOHANNAN CHARITY



Sis SHAIJU BINU PRAYER | Br JOSE MATHEW PRAYER | Br EBIN HABEEB, PRAYER | Br JOSEPH VANCHIPUZHA, PRAYER





## ഈജിപ്തിന്റെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് ദ നൈൽ ഏറ്റുവാങ്ങി മോദി

കൈറോ: സന്ദർശനത്തിനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഓർഡർ ഓഫ് ദ നൈൽ ബഹുമതി സമ്മാനിച്ച് ഈജിപ്ത് പ്രസിഡന്റ് അബ്ദുൽ ഫത്താഹ് അൽ സിസി. 1997നു ശേഷം ഈജിപ്ത് സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് മോദി. അൽസിസിയുടെ പ്രത്യേക ക്ഷണപ്രകാരമാണ് മോദി ഈജിപ്ത് സന്ദർശിച്ചത്. ജി20 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രത്യേക ക്ഷണിതാവായി അൽസിസി സെപ്റ്റംബറിൽ ഇന്ത്യയിലെത്തും. ഈജിപ്തിലെ കൈറോയിൽ 11-ാം നൂറ്റാണ്ടിൽ പണിത ചരിത്രപരമായ അൽ ഹക്കീം മസ്ജിദ് മോദി സന്ദർശിച്ചിരുന്നു. മസ്ജിദിന്റെ നവീകരണം അടുത്തിടെയാണ് പൂർത്തിയായത്. മോദി മസ്ജിദ് മുഴുവനും ചുറ്റിനടന്നു കണ്ടു. കൈറോയിലെ പഴക്കം ചെന്ന മസ്ജിദുകളിൽ നാലാമത്തേതാണ് അൽഹക്കീം. 13,560 സ്ക്വയർ മീറ്ററാണ് പള്ളിയുടെ വിസ്തൃതി.ഹീലിയോപോളിസ് കോമൺവെൽത്ത് വാർ സെമിത്തേരിയും മോദി സന്ദർശിച്ചു. ഒന്നാം ലോക യുദ്ധത്തിൽ അന്തരിച്ച ഇന്ത്യൻ സൈനികർക്ക് ഹീലിയോപോളിസ് കോമൺവെൽത്ത് വാർ സെമിത്തേരിയിൽ മോദി ആദരമർപ്പിച്ചു. ഈജിപ്തിലും ഫലസ്തീനിലുമായി ഒന്നാംലോക യുദ്ധത്തിൽ പങ്കെടുത്ത് വീരമൃത്യുവടഞ്ഞ 4000ത്തോളം ഇന്ത്യൻ സൈനികരുടെ ഭൗതികാവശിഷ്ടങ്ങളാണ് ഇവിടെയുള്ളത്.

## മണിപ്പൂരിൽ മെയ്തി ഗ്രൂപ്പ് അംഗങ്ങളെ പിടികൂടിയ സൈന്യത്തെ തടഞ്ഞ് ഗ്രാമീണർ



ഇംഫാൽ: മണിപ്പൂരിൽ 12 മെയ്തി ഗ്രൂപ്പ് അംഗങ്ങളെ പിടികൂടിയ സൈനിക സംഘത്തെ പിടികൂടി  ഗ്രാമീണർ. 1200 ഓളം ഗ്രാമീണരാണ് സൈനികരെ വളഞ്ഞത്.ഇതോടെ പിടികൂടിയവരെ പ്രാദേശിക നേതാവിന് വിട്ടുകൊടുക്കേണ്ടി വന്നു. ഇത്തം വില്ലേജിലാണ് സംഭവം നടന്നതെന്ന് കരസേന പുറത്ത് വിട്ട പത്രക്കുറിപ്പിൽ പറയുന്നു. കഴിഞ്ഞ ദിവസം നടന്ന സംഭവത്തിന്റെ ദൃശ്യങ്ങളും സൈന്യം പുറത്ത് വിട്ടിട്ടുണ്ട്.സാധാരണക്കാരുടെ ജീവൻ അപകടത്തിലാകാതിരിക്കാനാണ് തീവ്രവാദികളെ മോചിപ്പിച്ചതെന്ന് കരസേനയിറക്കിയ പത്രക്കുറിപ്പിൽ പറയുന്നു.'സ്ത്രീകളുടെ നേതൃത്വത്തിലുള്ള വലിയ രോഷാകുലരായ ആൾക്കൂട്ടത്തിനെതിരെ എന്തെങ്കിലും നീക്കം നടത്തിയാൽ നാശനഷ്ടങ്ങൾ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ 12 കേഡർമാരെയും പ്രാദേശിക നേതാവിന് കൈമാറാൻ തീരുമാനിച്ചു,' സൈന്യം പറഞ്ഞു.

